G.L.P.S മുണ്ടക്കിൽ

അക്കാദമിക മാസ്റ്റർ പ്ലാൻ

2025 · 2026

## 2025 - 2026 അക്കാദമിക വർഷം

സമഗ്ര ഗുണമേന്മ വർഷമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിലെ കുട്ടികളിൽ പ്രകടമായ മാറ്റം ലക്ഷ്യമാക്കിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിവിധ പദ്ധതികൾ (നടത്തിപ്പ് പ്രവർത്തന സാധ്യതയുള്ള അക്കാദമിക പ്രവർത്തനങ്ങൾ) അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. അടിസ്ഥാന പാഠപുസ്തകത്തിൽ മാത്രം ഒതുങ്ങാതെ പൊതുധാരണകൾക്കു കൂടി പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പഠനരീതിയും ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക, സാമൂഹിക ഘടക മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുസൃതമായ വളർച്ചയാണ് ലക്ഷ്യം വക്കുന്നത്.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
* പൊതു വിഷയങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
* കുട്ടികൾ പഠനശേഷികൾ / പഠനലക്ഷ്യങ്ങൾ കൈവരിക്കുന്നതോടൊപ്പം തന്നെ അവരിലെ വ്യക്തിവികാസത്തിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
* കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കും.
* വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമുള്ള പദ്ധതി നടപ്പിലാക്കും.
* പഠന വിഷയങ്ങളിൽ അഭിരുചി ഉണ്ടാകണം. ഗണിതം, സയൻസ്, IT വിഷയങ്ങളിൽ ധാരണയും കഴിവും നേടുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.
* അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക.
* നേതൃത്വ മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക-സാംസ്കാരിക സന്ദർഭങ്ങൾ ഒരുക്കുക.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
* മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി ശീലപ്പെടുത്തുക.
* ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാകുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.

"വിദ്യാലയം തന്നെ പാഠപുസ്തകം" എന്ന ആശയം വികസിപ്പി-
ച്ചെടുക്കുക.

* വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും ഐ.ടി. സാധ്യതകൾ വികസിപ്പിക്കുക.
* പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.
* സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.
* "ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം" പ്രവർത്തന പദ്ധതി സ്കൂൾ തലത്തിൽ നടപ്പിലാക്കുക.
*

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

* പഠനവിടവ് പരിഹരിക്കുവാനുള്ള ബോധന പ്രവർത്തനങ്ങൾ.
* വായനോത്സവം, രചനോത്സവം, ശാസ്ത്രോത്സവം, ഗണിതോത്സവം
* ഭാഷാശേഷി വികസനം
* ഗണിത ശേഷി വികസനം
* ഇംഗ്ലീഷ് പഠന പരിപോഷണം
* ലൈബ്രറി ശാക്തീകരണം
* IT പരിശീലനം
* പോഷകാഹാര പരിപാടി
* പഠനയാത്രകൾ
* കലാ കായിക മേള
* ഡിജിറ്റൽ ലൈബ്രറി
* ഗ്രീൻ പ്രോട്ടോക്കോൾ
* ക്ലാസ്സിൽ ഒരു ലാപ്ടോപ്പ്
* മെഡിക്കൽ ക്യാമ്പ്
* അഭിമുഖം
* പച്ചക്കറിത്തോട്ടം
* ഔഷധത്തോട്ടം
* പ്രവൃത്തി പരിചയ പഠനം
* കൃത്യ നിർണ്ണയ നിരന്തര വിലയിരുത്തൽ
* ശില്പശാലകൾ
* പൊതു വിഷയങ്ങൾ
* ഡയറിയെഴുത്ത്

## പ്രതീക്ഷിത ലക്ഷ്യങ്ങൾ :-

* എല്ലാ കുട്ടികൾക്കും എഴുത്തിലും വായനയിലും അനായാസം ആശയവിനിമയ ശേഷി കൈവരിക്കുന്നു.
* ഇംഗ്ലീഷ് ഭാഷ ഭയപ്പെടാതെ കൈകാര്യം ചെയ്യാൻ ശേഷി വർദ്ധിപ്പിക്കണം
* ഗണിതത്തിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്ന നിർദ്ധാരണം എന്നിവയിൽ കഴിവ് നേടുന്നു.
* കുട്ടികളിൽ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക.
* കലാകായിക രംഗങ്ങളിൽ മികച്ച പ്രകടനം നടത്താൻ പ്രാപ്തരാക്കുന്നു.
* സ്പോർട്സ് വിദഗ്ധരെ കൊണ്ട് പരിശീലനം
* IED കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ.
* സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ്, മലയാളം ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തൽ.
* വിഷയാധിഷ്ഠിതമായി ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

# അക്കാദമിക പ്ലാൻ

| Sl no | പരിപാടി | പ്രവർത്തനം | കാലാവധി | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ നിർമ്മിക്കൽ, അടയാളം ഉറപ്പിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, വാക്കുകൾ എഴുതിയ കാർഡ്, ചിത്രം അടിക്കുറിപ്പ്, ചിത്രം കഥയെഴുതൽ, കഥാ പുസ്തകം നൽകൽ, ഐ.സി.ടി സാധ്യത, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്. | 4 മാസം | പുസ്തകങ്ങൾ<br>സി.ഡി | അധ്യാപകർ<br>ബി.ആർ.സി<br>പി.ടി.എ<br>ബി.ആർ.സി<br>ഐ.ഇ.ഡി<br>ട്രെയിലർ<br>പി.ടി.എ |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | സ്കൂൾ ലൈബ്രറി നവീകരിക്കൽ, ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ വായനാ മൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, വായനോത്സവം സംഘടിപ്പിക്കൽ, പത്രവായന, സമീപസ്ഥ ഗ്രന്ഥശാലയിൽ അംഗത്വം., പുസ്തക ചർച്ച, വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ, വായനാകുറിപ്പ് പതിപ്പാക്കൽ, ദിനാചരണങ്ങൾ, സാഹിത്യകാരാന്മാരുമായുള്ള അഭിമുഖം, വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം, ക്ലാസ്സ് സഭ, ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും, അമ്മ വായന, വായനാ സാമഗ്രികൾ വിക | 6 മാസം | ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ഗ്രന്ഥശാല, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, വായനാമുറി. | ബി.ആർ.സി, അധ്യാപകർ, പി.ടി.എ, രക്ഷിതാക്കൾ, ഗ്രന്ഥശാല.<br>ബി.ആർ.സി |
| | പാട്ടരങ്ങ് | ഭാഷാവികാസം സർഗ്ഗാത്മക സൗന്ദര്യാത്മക ശേഷികൾ കൈവരിക്കൽ | [illegible] (ജൂൺ-മാർച്ച്) | ICT | അധ്യാപകർ<br>SRG<br>PTA |

| | | | | | |
|---|---|---|---|---|---|
| | | സ്ഥാനവിലയ്ക്കനുസരിച്ച് സംഖ്യ കണ്ടെത്തൽ, രൂപങ്ങൾ തിരിച്ചറിയൽ, നിർമ്മിക്കൽ, മാന്ത്രിക ചതുരം, സ്ഥാനവില ചതുഷ്ക്രിയകൾ, നോട്ടുകളും നാണയങ്ങളും പരിചയപ്പെടൽ, സമയത്തിന്റെ യൂണിറ്റുകൾ() സമയം കണക്കാക്കൽ. ഗണിതാശയങ്ങൾ കളികളിലൂടെ ഉപയോഗപ്പെടുത്തൽ, ലിറ്റർ, മി.ലി എന്നീ ആശയങ്ങൾ, ദ്രാവകങ്ങൾ അളക്കൽ, കി.ഗ്രാം, മി.ഗ്രാം, ഗ്രാം എന്നീ ആശയങ്ങൾ കൃത്യതയോടെ ഭാരം കാണൽ, നീളത്തിന്റെ യൂണിറ്റുകൾ, നീളം അളക്കൽ, ത്രിമാന രൂപങ്ങൾ പരിചയപ്പെടൽ, കലണ്ടറുകൾ പരിചയപ്പെടൽ, പഴയ അളവുകൾ പരിചയപ്പെടൽ. | | | |
| 5. | പരിസര പഠനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ആവശ്യമായ പഠന സാമഗ്രികൾ , നിലവാരമുള്ള ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ പരിചയപ്പെടൽ, ക്ലാസ്സ് നിലവാരത്തിനുള്ള പുസ്തകങ്ങൾ, പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ, പരീക്ഷണ ശിൽപശാല സംഘടിപ്പിക്കൽ, ലൈബ്രറി, ഡിസ്പ്ലേ ബോർഡുകൾ, കമ്പ്യൂട്ടർ ലാബ്, മൾട്ടി മീഡിയാ ഉപകരണങ്ങൾ | 6 മാസം | ടെസ്റ്റ്യൂബ് ബീക്കർ, ഗ്ലോബ്, പുസ്തകങ്ങൾ<br>പരീക്ഷണ ഉപകരണങ്ങൾ, ചിത്രങ്ങൾ,<br>കമ്പ്യൂട്ടർ | പി.ടി.എ,<br>പഞ്ചായത്ത്<br>പഞ്ചായത്ത്<br>അധ്യാപകർ |
| 6. | ബാലസഭ, മേളകൾ, അസംബ്ലി, | | ഹ്രസ്വകാലം | | അധ്യാപകർ, പി.ടി.എ, |

| | | | | | |
|---|---|---|---|---|---|
| | | സിപ്പിക്കൽ,<br>ഇ.വായനാ, കാവ്യകൂട്ടം,<br>പുസ്തക വണ്ടി,<br>സ്കൂൾ സഭ, ബാലസഭ,<br>വായനാകൂട്ടം,<br>മോണിറ്ററിംഗ്. | | ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.<br>(എഴുത്തുകൂട്ടം) | എഴുത്തുകൂട്ട രൂപീകരണം,<br>പുസ്തക ചർച്ച,<br>ക്ലാസ്സ് ലൈബ്രറി,<br>വായനാകുറിപ്പ്, പതിപ്പ്,<br>സഞ്ചരിക്കുന്ന ആസ്വാദന കുറിപ്പ് പുസ്തകം, വായനാ കുറിപ്പ്, ആസ്വാദനകുറിപ്പ്,<br>വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ,<br>എഴുത്തുകൂട്ടം മോണിറ്ററിംഗ്, ബാലസഭ, പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്, വ്യക്തിഗത രചന,<br>സംഘ രചന,<br>ഭാഷാപ്രോജക്ട്,<br>സാഹിത്യകാരന്മാരുമായുള്ള സംവാദം അനുഭവം, രചയിതാക്കളെ പരിചയപ്പെടൽ,<br>സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി. | 6 മാസം | ലൈബ്രറി<br><br>ജീവചരിത്ര പുസ്തകങ്ങൾ ഗ്രന്ഥശാല.<br><br>ഫോട്ടോകൾ പുസ്തകങ്ങൾ | ബി.ആർ.സി,<br>അധ്യാപകർ,<br>പി.ടി.എ,<br>രക്ഷിതാക്കൾ ജനപ്രതിനിതികൾ. |
| 4. | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാരം കൂടിയത്, കുറഞ്ഞത്, വലിപ്പം കൂടിയത്, കുറഞ്ഞത്, നീളം കൂടിയത്, കുറഞ്ഞത് കണ്ടെത്തൽ.<br>വസ്തുക്കൾ എണ്ണിയെടുക്കൽ,<br>എണ്ണത്തിനനുസരിച്ച് ക്രമീകരിക്കൽ,<br>നിശ്ചിത എണ്ണത്തെ വ്യത്യസ്ത തരത്തിൽ കൂട്ടങ്ങളാക്കൽ,<br>സങ്കലന ഗുണന വസ്തുക്കളുടെ രൂപീകരണം,<br>തുല്യമായി വീതിക്കൽ,<br>ഒറ്റസംഖ്യകളും ഇരട്ടസംഖ്യകളും ധാരണ,<br>ക്രമമായി എണ്ണൽ, സ്ഥാനവില സംഖ്യാവ്യാഖ്യാനം,<br>പാറ്റേൺ കണ്ടെത്തൽ,<br>സംഖ്യാബോധം, | 6 മാസം | | ബി.ആർ.സി,<br>അധ്യാപകർ,<br>പി.ടി.എ,<br>രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | E- reading,<br>Conversation,<br>Thoughts,<br>Diary,<br>Song,<br>Rhyme, | | Computer | |
| 9. | To become a better writer | To make writing group,<br>Discussion about the text,<br>Class library,<br>Reading notes,<br>Appreciation about the reading text,<br>Introduced writing,<br>Group writing,<br>English Project,<br>Introduce the authors,<br>English pictures gallery. | 6 Months | Library | Library |

| | | | | | |
|---|---|---|---|---|---|
| | ക്ലബ്ബുകൾ,<br>ചർച്ചാ വേദി,<br>പഠനയാത്രകൾ,<br>പ്രോജക്ട്,<br>വാർത്താ കൊളാ<br>ഷ് നിർമ്മാണം,<br>ആൽബം,<br>സയൻസ് മൂല,<br>വർക്ക്ഷോപ്പു<br>കൾ,<br>പഠന ഉപകര<br>ണനിർമ്മാണം,<br>പരീക്ഷണ മൂല,<br>വാന നിരീക്ഷ<br>ണം,<br>അക്ഷര ചിത്ര<br>ങ്ങൾ,<br>നിരീക്ഷണ കുറി<br>പ്പുകൾ, | | ദീർഘകാലം | വാർത്തകൾ,<br>പത്രം<br><br>പഠനോപക<br>രണങ്ങൾ | രക്ഷിതാക്കൾ |
| 7. | Developing the English language | Letter card,<br>Word card,<br>Sentence card,<br>Word web,<br>Flash card<br>Pictures,<br>Presentation of songs & videos,<br>Cross word puzzle,<br>Description,<br>Story,<br>Picture glossary,<br>Dialogue,<br>Narrative,<br>News paper report | 6 months | Chart peper<br><br>Pictures<br>ICT | BRC<br><br>Teachers |
| 8. | To become a better reader | Class reading corner,<br>Reading corner,<br>Class library,<br>School library,<br>Doing the nearest library ,<br>News paper reading,<br>Discussion about the reading text,<br>Enjoying the reading, | 6 Months | Class Library<br><br>Reading corner | BRC<br><br>SCERT<br><br>PTA |

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>..........................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

# സമൂഹത്തിന്റെ ഇടപെടൽ

സ്കൂൾ ഭൗതീകവും അക്കാദമികവുമായ വികസനത്തിന് വൈവിധ്യമാർന്ന ഇടപെടലുകൾ നടത്താൻ പൊതു സമൂഹത്തിന് സാധിക്കും. വിദ്യാലയ വികസന സമിതികൾ സജീവമാക്കികൊണ്ട് വിദ്യാലയത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമമായി നടത്താൻ കഴിയും. പ്രാദേശിക സപ്പോർട്ടിംഗ് ഗ്രൂപ്പുകൾ കോർണർ പി.ടി.എ തുടങ്ങിയവയ്ക്ക് നേതൃത്വം നൽകണം. ജനകീയ കൂട്ടായ്മയിലൂടെ വിദ്യാലയത്തിന് ആവശ്യമായ കാലാനുസൃതമായ ഭൗതീക സൗകര്യങ്ങൾ ഒരുക്കാൻ കഴിയും. പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങൾ ആകർഷകമാക്കാൻ എന്നിവ ഒരുക്കുന്നതിന് നേതൃത്വം വഹിക്കണം.

ഭാവി ആവശ്യങ്ങൾ കണക്കിലെടുത്ത് ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, രക്ഷുതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ, സ്കൂൾ തല പത്രം, മാസിക പുസ്തകം പ്രസിദ്ധീകരിക്കൽ സ്റ്റേജ്, കർട്ടൻ, മൈക്ക് സെറ്റ്, മാലിന്യ സംസ്കരണ പരിപാടികൾ, രക്ഷിതാക്കൾ വെയിറ്റിംഗ് റൂം പ്രീപൈമറിക്ക് സൗകര്യങ്ങൾ ഇത്തരം സൗകര്യങ്ങൾ ഒരുക്കി തരുന്നതിന് പൊതുസമൂഹത്തിന്റെ ഇടപെടലുകൾ സഹായിക്കും. സ്കൂൾ വിദ്യാഭ്യാസത്തിൽ സമൂഹത്തിന് വളരെ നിർണ്ണായകമായ പ്രാധാന്യമാണുള്ളത്.

# ക്രോഡീകരണം

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കു ല്ലതിനും പൊതു സമൂഹത്തിന് മതിപ്പുളവാക്കുന്നതിനും ഉതകുന്ന ഒരു രേഖ യാണ് സമഗ്ര ഗുണനമേന്മ വിദ്യാലയ വികസന പദ്ധതി രേഖ. സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷയെക്കാത്ത് പൊതു വിദ്യാളയങ്ങളെ മാറ്റുന്നതിനുള്ള ജന കീയ യജ്ഞമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഔദ്യോഗിക സംവിധാ ങ്ങൾ ജനപക്ഷ കാഴ്ചപ്പാടോടെ ഏകോപിതവും വ്യത്യസ്തവും പ്രചോദനാ ത്മകവുമായ പ്രവർത്തന സംസ്കാരം ഈ പദ്ധതിയിലൂടെ കൈവരിക്കാൻ ഉതകുന്നതാകണം. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പി.ടി.എ യുടെയും ജനപ്രതിനിധികളുടെയും സമൂഹത്തിലെ ഇതര വിഭാഗങ്ങളുടെയും എല്ലാം പങ്കാളിത്തത്തിലുടെ മാത്രമെ ഈ യജ്ഞത്തിൽ വിജയം സാധ്യമാകൂ. വൈവിധ്യമാർന്നതും തനിമയുള്ളതും ആയ അന്വേഷണങ്ങളിലൂടെയും ഇട പെടലുകളിലുടെയും പൊതു വിദ്യാഭ്യാസത്തെ കരുത്തുള്ളതാക്കി മാറ്റാം.

മുകളിൽ സുചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ കാര്യക്ഷമമായി ചെയ്താൽ ഈ സ്കുളിന്റെ പഴയ പ്രതാപം വീണ്ടെടുക്കുന്നതിനും കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനും ഇടവരുമെന്ന് ഉറച്ച് വിശ്വസിക്കുന്നു.